ടി.ബി.(1)6842/19

പ്രിൻസിപ്പൽ കൃഷി ഓഫീസ്
തൃശ്ശൂർ, തിയതി:18/07/2019.

## പുനർ ദർഘാസ് പരസ്യം

തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ, ജില്ലയിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് ആവശ്യമായ വിത്തുതേങ്ങ വിവിധ ഉൽപാദന കേന്ദ്രങ്ങളിലേക്കും, തെങ്ങിൻ തൈകൾ, മറ്റ് നടീൽ വസ്തുക്കൾ മുതലായവ ഉൽപാദന കേന്ദ്രങ്ങളിൽ നിന്നും വിവിധ കീഴാഫീസുകളിലേക്കും എത്തിക്കുന്നതിന് വാഹനം വിട്ടുനൽകാൻ താൽപര്യമുള്ള ലോറി ഉടമകളിൽ നിന്നും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ഈ പ്രവൃത്തിയ്ക്ക് ഉദ്ദേശം 3 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

**വ്യവസ്ഥകൾ**

1. കരാർ പ്രാബല്യമാകുന്നതു മുതൽ 31.05.2020 വരെ ബാധകമായിരിക്കുന്നതാണ്.
2. കുറഞ്ഞത് 4 ലോറികളെങ്കിലും ഒരേ സമയം ഏർപ്പെടുത്തുവാൻ കരാറുകാരന് സാധിക്കണം. (ഫ്ളീറ്റ് ഓണർമാർക്ക് മുൻഗണന നൽകുന്നതാണ്)
3. എ) വലിയ ലോറികൾ ചുരുങ്ങിയത് 4500 എണ്ണം DxT വിത്തുതേങ്ങകളോ/ 3000 എണ്ണം WCT/TxD വിത്തുതേങ്ങകളോ, ഒറ്റത്തട്ടിൽ 1500 എണ്ണം തെങ്ങിൻ തൈകളോ (കുത്തനെ)/കുരുമുളക് വള്ളികൾ നട്ട 2000 കവറുകളോ കയറ്റാൻ പര്യാപ്തമായിരിക്കണം.

   ബി) മിനി ലോറികൾ ചുരുങ്ങിയത് 1000 എണ്ണം വിത്തുതേങ്ങകളോ, ഒറ്റത്തട്ടിൽ 750 എണ്ണം തെങ്ങിൻ തൈകളോ (കുത്തനെ)/ കുരുമുളക് വള്ളികൾ നട്ട 1000 കവറുകളോ കയറ്റാൻ പര്യാപ്തമായിരിക്കണം.
4. വാടക ട്രിപ്പിന് ലോഡുമായി ഓടുന്ന കിലോമീറ്ററിന് ഇത്ര എന്ന നിരക്കിലായിരിക്കണം വാടക രേഖപ്പെടുത്തേണ്ടത്. (ലോഡ് കിലോമീറ്ററിന് ഇത്ര എന്ന നിരക്കിൽ)
5. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വാഹനങ്ങളും ഇതേ ആവശ്യത്തിന് ഉപയോഗിക്കുന്നതായിരിക്കും. പ്രസ്തുത വാഹനങ്ങളുടെ ലഭ്യതയിൽ കുറവ് വരുന്ന പക്ഷം മാത്രമേ കരാർ വാഹനങ്ങൾ ഉപയോഗിക്കുകയുള്ളൂ.

ദർഘാസ് ഫോറങ്ങൾ 600/- രൂപ + ജി. എസ്. ടി. എന്ന നിരക്കിൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും വിലയ്ക്കോ, മണി ഓർഡർ മുഖേനയോ 15.07.2019 1 PM വരെ വാങ്ങാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ അധിക പകർപ്പുകൾ 300/- രൂപ + ജി. എസ്. ടി. എന്ന നിരക്കിൽ ലഭിക്കുന്നതാണ്.

(......2)

ദർഘാസ് ഫോറത്തിന്റെ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഉൾക്കൊള്ളുന്ന കവറിന് പുറത്ത് "2019-20 വർഷത്തിൽ ഉൽപാദനോപാധികൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്" എന്നെഴുതി പ്രിൻസിപ്പൽ കൃഷി ഓഫീസർ, കാർഷിക സമുച്ചയം, മ്യൂസിയം റോഡ്, ചെമ്പുക്കാവ്, തൃശ്ശൂർ-20 എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. മുദ്രവെച്ച ദർഘാസിനോടൊപ്പം തൃശ്ശൂരിൽ മാറാവുന്നതും, പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ പേരിൽ എടുത്തതുമായ 3,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരത ദ്രവ്യമായി അടക്കം ചെയ്യേണ്ടതാണ്. കൂടാതെ, ദർഘാസുകാരൻ 200/- രൂപയുടെ മുദ്രപത്രത്തിൽ ഒരു പ്രാഥമിക കരാറും ദർഘാസിനോടൊപ്പം വെച്ചിരിക്കേണ്ടതാണ്. ദർഘാസുകൾ 06.09.2019, 3PM വരെ സ്വീകരിക്കുന്നതും, ആയവ അന്നേ ദിവസം 4PMന് ഹാജരുള്ള കരാറുകാരുടെയോ, നിയമാനുസൃതം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ്, മേലധികാരികളുടെ ഉത്തരവിന് വിധേയമായി അംഗീകരിക്കുന്നതുമാണ്. എന്തെങ്കിലും കാരണവശാൽ അന്നേ ദിവസം അവധി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചയിച്ച അതേ സമയത്തും സ്ഥലത്തും വെച്ച് ദർഘാസ് തുറക്കുന്നതായിരിക്കും. നിരതദ്രവ്യം നൽകാത്തതോ, മുദ്രപത്രത്തിൽ കരാർ അടക്കം ചെയ്യാത്തതോ, വൈകി ലഭിക്കുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

ദർഘാസ് അംഗീകരിക്കുന്ന കരാറുകാരൻ 15,000/- (പതിനയ്യായിരം രൂപാ മാത്രം) രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതും, 200/- രൂപയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതുമാണ്.

യാതൊരു കാരണവും കാണിക്കാതെ ദർഘാസ് നിരസിക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ, തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സർക്കാർ ദർഘാസിന്റെ വ്യവസ്ഥകളിലും, നിബന്ധനകളിലും നിലവിലുള്ള എല്ലാ സർക്കാർ നടപടിക്രമങ്ങളും കരാറുകാരൻ പാലിക്കുവാൻ ബാധ്യസ്ഥനാണ്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും നേരിട്ടറിയാവുന്നതാണ്.

OFFICE OF THE PRINCIPAL AGRICULTURAL OFFICER * THRISSUR *

പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂർ.
PH. No: 0487-2333297

Principal Agricultural Officer
Thrissur

**ടെണ്ടർ സമർപ്പിക്കേണ്ടവർ പാലിയ്ക്കേണ്ട പ്രത്യേക വ്യവസ്ഥകളും നിബന്ധനകളും**

1. കരാറുകാരൻ ഒരേ സമയം 4 ലോറികൾ ഏർപ്പെടുത്തുവാൻ സാധിക്കുന്നവരാകണം.
2. വലിയ ലോറികളിൽ ചുരുങ്ങിയത് 4500 DxT വിത്തുതേങ്ങകളോ, 3000 എണ്ണം WCT/ TxD വിത്തുതേങ്ങകളോ, കുത്തനെ നിർത്താവുന്ന തരത്തിൽ 1500 തെങ്ങിൻ തൈകളോ, കുരുമുളക് വള്ളികൾ നട്ട 2000 കവറുകളോ കയറ്റുവാൻ പര്യാപ്തമായിരിക്കണം. മിനി ലോറികളിൽ ചുരുങ്ങിയത് 1000 DxT വിത്തുതേങ്ങകളോ, കുത്തനെ നിർത്താവുന്ന തരത്തിൽ 750 തെങ്ങിൻ തൈകളോ/കുരുമുളക് വള്ളികൾ നട്ട 1000 കവറുകളോ കയറ്റുവാൻ പര്യാപ്തമായിരിക്കണം.
3. ലോറി വാടക രേഖപ്പെടുത്തുന്നത് ട്രിപ്പിന് ഓടുന്ന ഓരോ കിലോമീറ്ററിന് ഇത്ര രൂപ എന്നായിരിക്കണം. പ്രസ്തുത നിരക്ക് 31.05.2020 വരെ സ്ഥിരവുമായിരിക്കണം.
4. ഒരു സ്ഥലത്തുനിന്ന് നടീൽ വസ്തുക്കൾ കയറ്റി ലക്ഷ്യസ്ഥാനത്തെത്തിയ ദൂരത്തിനാണ് ഓടിയ കിലോമീറ്ററായി കണക്കാക്കി വാടക നൽകുന്നത്. ആയതിന് ഏറ്റവും കുറഞ്ഞ ദൂരമായിരിക്കണം ഉപയോഗിക്കേണ്ടത്.
5. വാഹനങ്ങൾ കാത്തുനിൽക്കുന്ന സമയത്തിന് വെയിറ്റിംഗ് ചാർജ്ജ് നൽകുന്നതല്ല.
6. ലോറികൾ ആവശ്യമുള്ളപ്പോൾ മാത്രം വിളിക്കുന്നതായിരിക്കും.
7. ഡിപ്പാർട്ട്മെന്റ് വാഹനങ്ങളും ഇതേ ആവശ്യത്തിനായി ഉപയോഗിക്കുന്നതായിരിക്കും.
8. ഈ കരാർ പ്രകാരം നൽകുന്ന വാടക തുകയ്ക്ക് നിയമപ്രകാരമുള്ള ആദായ നികുതി കിഴിവ് ബാധകമായിരിക്കും.
9. അസ്സൽ ടെണ്ടർ ഫോറത്തിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതാണ്.
10. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായ 3,000/- രൂപ പ്രിൻസിപ്പൽ കൃഷി ഓഫീസർ, കാർഷിക സമുച്ചയം, മ്യൂസിയം റോഡ്, ചെമ്പുക്കാവ്, തൃശ്ശൂർ-20 എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.
11. സാധനങ്ങൾ കടത്തുമ്പോൾ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങളും കരാറുകാരൻ വഹിക്കേണ്ടതും, നഷ്ടം സംഭവിക്കുന്ന സാധനങ്ങളുടെ തുക കണക്കാക്കി നിരതദ്രവ്യത്തിൽ/കടത്തുകൂലിയിൽ നിന്നും ഈടാക്കുന്നതുമാണ്.
12. ടെണ്ടർ അംഗീകരിച്ച ശേഷം നിബന്ധനകൾ പാലിക്കാതെ വന്നാൽ കൃഷി ഡയറക്ടറുടെ അനുമതിക്ക് വിധേയമായി തൊട്ടടുത്ത ദർഘാസുകാരന് കരാർ നൽകുന്നതും, നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്.
13. പ്രിൻസിപ്പൽ കൃഷി ഓഫീസർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്നതനുസരിച്ച് ആവശ്യമായ എണ്ണം ലോറികൾ സാധനങ്ങൾ കൊണ്ടുപോകുന്നതിനായി ലഭ്യമാക്കേണ്ടതാണ്.
14. ലേലം കൊണ്ടയാൾ നടീൽ വസ്തുക്കൾ കൊണ്ടുപോകുവാൻ ഉപയോഗിച്ച വാഹനങ്ങളുടെ ആർ.സി.ബുക്കിന്റെ പകർപ്പ് ഓരോ ക്ലെയിമിനും ഒപ്പം ലഭ്യമാക്കേണ്ടതാണ്.
15. കരാറുകാരന്റെ ക്ലെയിമിൽ, നടീൽ വസ്തുക്കൾ കൊണ്ടുപോകുമ്പോൾ അനുഗമിച്ച ഉദ്യോഗസ്ഥന്റെ ഒപ്പും, ഏറ്റവും കുറഞ്ഞ ദൂരത്തിലൂടെയാണ് ആയവ കൊണ്ടുപോയതെന്നുമുള്ള സാക്ഷ്യപ്പെടുത്തലും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ, ക്ലെയിമിൽ സ്റ്റാർട്ടിംഗ് കിലോമീറ്ററും, എന്റിംഗ് കിലോമീറ്ററും, ആകെ സഞ്ചരിച്ച ദൂരവും രേഖപ്പെടുത്തേണ്ടതാണ്.

പ്രിൻസിപ്പൽ കൃഷി ഓഫീസർ
തൃശ്ശൂർ

**Principal Agricultural Officer**
**Thrissur**

പകർപ്പ്:

1) സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)
2) ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)
3) പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട് / മലപ്പുറം / എറണാകുളം
4) സെക്രട്ടറി, ജില്ലാപഞ്ചായത്ത്, തൃശ്ശൂർ
5) സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ

OFFICE OF THE PRINCIPAL AGRICULTURAL OFFICER * THRISSUR *